# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 324 02.03.2020-ൽ മറുപടിക്ക്

## പുരാവസ്തു വകുപ്പിന്റെ ഉത്ഖനന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.വി.കെ.പ്രശാന്ത്<br>ശ്രീ.യു.ആർ.പ്രദീപ് | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>ബഹു.തുറമുഖവും മ്യൂസിയവും<br>പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി രൂപരേഖ തയ്യാറാക്കുന്നതിനു വേണ്ടിയുള്ള പരിഗണനാവിഷയങ്ങൾ നിർണ്ണയിക്കുന്നതിനായി ഒരു വിദഗ്ധസമിതിയെ നിയോഗിക്കുകയും പ്രസ്തുത വിദഗ്ധസമിതി പുരാവസ്തു വകുപ്പിന്റെ വിവിധ മേഖലകളെക്കുറിച്ച് പഠിക്കുകയും അവയുടെ പ്രവർത്തനമികവിനായുള്ള നിർദ്ദേശങ്ങൾ ഉൾകൊള്ളുന്ന ഒരു റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ഇതിനെ തുടർന്ന് പ്രധാനമായും മൂന്ന് വിഭാഗങ്ങളിലായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് സർക്കാർ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഇതിന്മേലുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരുന്നു. കൂടാതെ പുരാവസ്തു വകുപ്പിനു കീഴിലുള്ള മ്യൂസിയങ്ങൾ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി സ്വീകരിച്ചു സംരക്ഷിത സ്മാരകങ്ങളുടെ പരിശോധന നടത്തി നിർമ്മിതിപരമായ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നു. നാണയപഠന വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കൈവശമുള്ള നാണയങ്ങളുടെ സമഗ്രമായ ഡോക്യുമെന്റേഷൻ പദ്ധതി നടന്നുവരുന്നു. വകുപ്പിന്റെ അധീനതയിൽ വിവിധ മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന വിഗ്രഹങ്ങൾ ശാസ്ത്രീയമായി പഠനവിധേയമാക്കി കാറ്റലോഗ് തയ്യാറാക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കി വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന പ്രധാന ഉത്ഖനന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ വിയ്യൂരിൽ കണ്ടെത്തിയ ചെങ്കൽ ഗുഹ, ഇച്ചന്നൂരിൽ കണ്ടെത്തിയ ചെങ്കൽ ഗുഹ, ഫറോക്ക് നല്ലൂർ എൽ.പി.സ്കൂൾ വളപ്പിൽ കണ്ടെത്തിയ നന്നങ്ങാടി എന്നിവ ഉത്ഖനന വിധേയമാക്കി. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ കണ്ടെത്തിയ നന്നങ്ങാടിയുടെ |

| | | | |
|---|---|---|---|
| (സി) | ഇത്തരം ഉത്ഖനനങ്ങളിൽ നിന്നും കണ്ടെടുത്ത ചരിത്രാവശിഷ്ടങ്ങൾ വേണ്ടവിധം സംരക്ഷിച്ച് പരിപാലിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | | അവശിഷ്ടങ്ങൾ, തളിപ്പറമ്പ് താലൂക്കിൽ മാണിയൂരിൽ കണ്ടെത്തിയ നന്നങ്ങാടിയുടെ അവശിഷ്ടങ്ങൾ, തൃശ്ശൂർ ജില്ലയിലെ പോട്ടോർ വില്ലേജിൽ കണ്ടെത്തിയ നന്നങ്ങാടിയുടെ അവശിഷ്ടങ്ങൾ എന്നിവ ശാസ്ത്രീയപരിശോധനകൾക്ക് വിധേയമാക്കി നീക്കം ചെയ്തു. പ്രളയാനന്തരം പത്തനംതിട്ട ജില്ലയിലെ ആറൻമുളയിൽ വെളിപ്പെട്ട കളിമൺ ശില്പങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്തു. കണ്ണൂർ ജില്ലയിലെ പൊതുവാച്ചേരിയിൽ കണ്ടെത്തിയ ഗുഹ ശാസ്ത്രീയ പരിശോധനയ്ക്ക വിധേയമാക്കി.മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ പെരുമ്പടപ്പ് വലിയ കിണർ ഉത്ഖനനവിധേയമാക്കി. ഇത്തരത്തിൽ കണ്ടെടുത്ത പുരാവസ്തുക്കൾ സമീപസ്ഥലത്തെ / ജില്ലയിലെ പുരാവസ്തുമ്യൂസിയങ്ങളിലെ സ്റ്റോറുകളിലേക്ക് മാറ്റുകയും ആവശ്യമായ രാസസംരക്ഷണ പ്രവർത്തനങ്ങൾക്കു വിധേയമാക്കിയ ശേഷം യോഗ്യമായവ മ്യൂസിയങ്ങളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**